(ബി) സബ്സിഡി നൽകുന്ന ഇനങ്ങൾക്ക് തുടർന്ന് നൽകുവാനും വില വർദ്ധനവ് തടയാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല.

(ബി) സബ്സിഡി നൽകുന്ന ഇനങ്ങൾക്ക് സബ്സിഡി തുടർന്നുനൽകുന്നുണ്ട്. പൊതുവിപണിയിൽ സജീവമായി ഇടപെട്ട് ഫലപ്രദമായ രീതിയിൽ വില വർദ്ധനവ് തടയുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അനിയന്ത്രിതമായ വില വർദ്ധനവ് ഇപ്പോഴില്ല.

സപ്ലൈകോ നിയമനം

175 (5260) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയിൽ അസിസ്റ്റന്റ് സെയിൽസ്മാൻ, ജൂനിയർ അസിസ്റ്റന്റ് II, സീനിയർ അസിസ്റ്റന്റ് I എന്നീ തസ്തികകളിൽ ഡയറക്ട് സ്റ്റാഫിന്റെ സ്ട്രെങ്ത് എത്ര വീതമാണ് വ്യക്തമാക്കുമോ ;

(ബി) സപ്ലൈകോ എറണാകുളം ഡിപ്പോയുടെ കീഴിൽ ശ്രീ. എ. കെ. ജോണി എന്ന ജീവനക്കാരൻ ഏതു തസ്തികയിലാണ് ജോലി ചെയ്യുവരുന്നത് ; വിശദമാക്കുമോ ;

(സി) സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ സ്റ്റാഫിന്റെ സ്ട്രെങ്ത് എത്ര വീതമാണ് ; ഓരോ ജില്ലയിലും എത്ര തസ്തികകൾ വീതമാണ് അവർക്ക് അനുവദിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(ഡി) ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ് II എന്നീ തസ്തികകളിൽ കോർപ്പറേഷൻ സ്റ്റാഫിന് എത്രവീതം ഒഴിവുകൾ നിലവിലുണ്ട് ; വ്യക്തമാക്കാമോ ;

(ഇ) കോമൺ സർവ്വീസ് റാങ്ക് നടപ്പിൽ വരുത്തുന്നതിനായി അന്തിമ റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ ; എന്നു മുതൽ ഇത് നടപ്പിലാക്കുമെന്ന് വിശദമാക്കുമോ ;

(എഫ്) എസ്.എസ്.എൽ.സി. യോഗ്യതയുള്ള അസിസ്റ്റന്റ് സെയിൽസ്മാന് ലാസ്റ്റ് ഗ്രേഡിനേക്കാളും താഴ്ന്ന ശമ്പളവും എൽ.ഡി.ക്ലാർക്കിന്റെ ജോലിയുമാണെന്നുള്ളതും ആയത് മനുഷ്യാവകാശ ലംഘനമാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സപ്ലൈകോയിലെ സ്റ്റാഫ് സ്ട്രെങ്ത് ചുവടെ ചേർക്കുന്നു :

ജൂനിയർ അസിസ്റ്റന്റ്	-	365
സീനിയർ അസിസ്റ്റന്റ് II	-	19
സീനിയർ അസിസ്റ്റന്റ് I	-	Nil
അസിസ്റ്റന്റ് സെയിൽസ്മാൻ	-	1688

(ബി) ശ്രീ. എ. കെ. ജോണി, സീനിയർ അസിസ്റ്റന്റ് I തസ്തികയിലാണ് ജോലി ചെയ്ത് വന്നിരുന്നത്. 31-10-2015-ലെ റിട്ടയർമെന്റിന് മുന്നോടിയായി ടിയാൻ അവധിയിൽ പ്രവേശിച്ചിരിക്കുകയാണ്.

(സി) സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ സ്റ്റാഫിന്റെ അംഗസംഖ്യ 1259 ആണ്. ജില്ല തിരിച്ച് തസ്തികകൾ അനുവദിച്ചിട്ടില്ല.

(ഡി) നിലവിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ കോർപ്പറേഷൻ സ്റ്റാഫിന് 9 ഒഴിവുകളും സീനിയർ അസിസ്റ്റന്റ് സ്റ്റാഫിന് 2 ഒഴിവുമാണുള്ളത്.

(ഇ) അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല. കോമൺ സർവ്വീസ് റൂൾ നടപ്പിലാക്കുന്നതിനായുള്ള പ്രസ്തുത ചട്ടത്തിന്റെ കരട് 15-7-2015-ൽ നടന്ന സപ്ലൈകോ ഡയറക്ടർ ബോർഡ് യോഗം അംഗീകരിക്കുകയും ആവശ്യമായ ഭേദഗതികൾ വരുത്തി സർക്കാരിന് സമർപ്പിക്കുവാൻ സപ്ലൈകോ മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(എഫ്) കേരള സ്റ്റേറ്റ് സിവിൽസപ്ലൈസ് കോർപ്പറേഷനിലെ അസിസ്റ്റന്റ് സെയിൽസ്മാന്റെയും സർക്കാർ സർവ്വീസിലെ ലാസ്റ്റ് ഗ്രേഡ് അസിസ്റ്റന്റിന്റെയും ശമ്പള സ്കെയിൽ ഒന്നുതന്നെയാണ്. രണ്ട് തസ്തികകളിലെയും അടിസ്ഥാന യോഗ്യതയും ജോലിയും രണ്ടായിത്തന്നെയാണ് നിർവ്വചിക്കപ്പെട്ടിട്ടുള്ളത്. വ്യത്യസ്ത പരീക്ഷകൾ നടത്തിയാണ് ഉദ്യോഗാർത്ഥികളെ ജോലിക്ക് നിയമിക്കുന്നത്. ആയതിനാൽ പ്രസ്തുത വിഷയം മനുഷ്യാവകാശ ലംഘനമാണെന്ന് കരുതുന്നില്ല.